പരിഗണനയിലുണ്ടായിരുന്ന അവധിക്കുള്ള എല്ലാ അപേക്ഷകൾക്കും പ്രസ്തുത ഉത്തരവ് ബാധകമാക്കിയിട്ടുണ്ട്.

(ഡി) ഭരണപരമായ ബുദ്ധിമുട്ടുകൾ ഉള്ളതിനാൽ ഇത്തരം നടപടി സ്വീകരിക്കാൻ സർക്കാർ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

പുലയനാർകോട്ടയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബെറ്റ്സ് എന്ന സ്ഥാപനത്തിന് അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ

72 [165] *ശ്രീ. കെ. മോഹൻകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് പുലയനാർകോട്ടയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബെറ്റ്സ് എന്ന സ്ഥാപനത്തിനായി സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഈ സ്ഥാപനത്തിന്റെ മന്ദിര നിർമ്മാണ പ്രവർത്തനങ്ങൾക്ക് മുഖ്യമന്ത്രി ശിലാസ്ഥാപനം നിർവഹിച്ചത് എന്നാണെന്ന് അറിയിക്കുമോ;

(സി) നിർമ്മാണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ഡി) ഈ സ്ഥാപനത്തിലെ ഡയറക്ടർ ബോർഡ് അംഗങ്ങൾ ആരെല്ലാമാണ്;

(ഇ) ഡയറക്ടർ ബോർഡ് എത്ര തവണ യോഗം ചേർന്നു എന്നും തീരുമാനങ്ങൾ എന്തെല്ലാമെന്നും വെളിപ്പെടുത്തുമോ;

(എഫ്) ഡയറക്ടർ ബോർഡിൽ ജനപ്രതിനിധികളെ ആരെയെങ്കിലും ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ജി) ഇൻസ്റ്റിറ്റ്യൂട്ടിലെ ഇതുവരെയുള്ള ആകെ ചെലവ് എത്രയാണെന്ന് അറിയിക്കാമോ;

(എച്ച്) ഈ സ്ഥാപനത്തിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തി ലക്ഷ്യം കൈവരിക്കാൻ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബെറ്റ്സ് എന്ന സ്ഥാപനത്തിനായി സംസ്ഥാന ഗവൺമെന്റ് താഴെ പറയുന്ന ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട്:

GPM. 2/543/2012.—17

LIBRARY ARCHIVES Kerala Legislative Assembly

1. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബഹുനില മന്ദിര സമുച്ചയം പണിയുന്നതിനായി പുലയനാർകോട്ടയിൽ ചെറുവയ്ക്കൽ വില്ലേജിൽ 1833375 ഏക്കർ ഭൂമി 16-5-2001-ന് സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ട്.

2. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രാരംഭ ചെലവുകൾക്കായി ജി.ഒ. (എം.എസ്.)നമ്പർ 485/99/ആകുവ പ്രകാരം 50 ലക്ഷം രൂപ അനുവദിക്കുകയും അതിൽ നിന്നും 2000, 2001, 2002 വർഷങ്ങളിലായി ആകെ 30 ലക്ഷം രൂപ നൽകുകയും ചെയ്തു.

3. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബെറ്റിസിന്റെ സിറ്റി സെന്റർ പ്രവർത്തിക്കുന്നതിനായി പബ്ലിക് ഹെൽത്ത് ലാബിനകത്ത് സ്ഥല സൗകര്യങ്ങൾ താൽക്കാലികമായി നൽകിയിട്ടുണ്ട്. രോഗികൾക്കായി ലബോറട്ടറി സൗകര്യവും ഇവിടെ ഏർപ്പെടുത്തിയിട്ടുണ്ട്.

4. സംസ്ഥാന ആരോഗ്യവകുപ്പിൽ നിന്നും 2 എം.ഡി. ഡോക്ടർമാരുടേയും ഒരു ലാബ് ടെക്നീഷ്യന്റെയും സേവനം ഇൻസ്റ്റിറ്റ്യൂട്ടിന് നൽകിയിട്ടുണ്ട്.

5. കേന്ദ്ര ഗവൺമെന്റിൽ നിന്നും ധനസഹായം അഭ്യർത്ഥിച്ചുകൊണ്ട് മുൻ മുഖ്യമന്ത്രി എ. കെ. ആന്റണി കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രി ഡോക്ടർ അൻപുമണി രാംദാസിന് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) ഇൻസ്റ്റിറ്റ്യൂട്ടിന്റെ ശിലാസ്ഥാപന കർമ്മം ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി എ. കെ. ആന്റണി 2001 നവംബർ 29-ന് നിർവഹിച്ചു.

(സി) നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ ധനസമാഹരണത്തിനായി വിവിധ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ടുവരികയാണ്. കേന്ദ്ര സംസ്ഥാന സർക്കാരിനു പുറമേ ഐ.സി.എം.ആർ., യൂറോപ്യൻ കമ്മീഷൻ എന്നിവിടങ്ങളിലും പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ പ്ലാനിന് കോർപ്പറേഷന്റെയും ടൗൺ പ്ലാനറുടെയും അനുമതികൾ വാങ്ങിക്കഴിഞ്ഞു. എയർപോർട്ട് അതോറിറ്റിയുടേയും എയർഫോഴ്സിന്റെയും നോൺ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. ധനസഹായം ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്.

(ഡി) ഈ സ്ഥാപനത്തിലെ ഡയറക്ടർ ബോർഡ് അംഗങ്ങൾ താഴെ പറയുന്നവരാണ്:

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ—ചെയർമാൻ

ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി

ആരോഗ്യവകുപ്പ് ഡയറക്ടർ

പദ്മശ്രീ ഡോ. എൻ. കൊച്ചുപിള്ള

LIBRARY ARCHIVES Kerala Legislative Assembly

ഡോ. റോബർട്ട് റിസ

ഡോ. കെ. ശ്രീകുമാരൻ നായർ

ഡോ. ആർ. വി. ജയകുമാർ

ഡോ. എച്ച്. ബി. ചണ്ഡാലിയ

ഡോ. എൽ. കെ. ഗാംഗുലി

ഡയറക്ടർ, ശ്രീചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്.

(ഇ) ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഗവേണിംഗ് ബോഡി മീറ്റിംഗ് 8 തവണ ഇതിനോടകം ചേർന്നിട്ടുണ്ട്. ബിൽഡിംഗ്, ലബോറട്ടറി ഉപകരണങ്ങൾ മറ്റ് സാധന സാമഗ്രികൾ തുടങ്ങിയവയ്ക്കായി ധനസമാഹരണം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക, പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുക തുടങ്ങിയ പ്രധാനപ്പെട്ട തീരുമാനങ്ങൾ മറ്റു കാര്യങ്ങൾക്കു പുറമെ പ്രസ്തുത യോഗങ്ങളിൽ എടുക്കുകയുണ്ടായിട്ടുണ്ട്.

(എഫ്) ഇല്ല.

(ജി) ആഡിറ്റ് ചെയ്ത കണക്ക് പ്രകരം ഇൻസ്റ്റിറ്റ്യൂട്ടിന്റെ തുടക്കം മുതൽ 2003-2004 സാമ്പത്തിക വർഷംവരെയുള്ള ആകെ ചെലവ് 5748046.49 രൂപയാണ്.

(എച്ച്) ഈ സ്ഥാപനത്തിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തി ലക്ഷ്യം കൈവരിക്കുന്നതിനുമായി സർക്കാർ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. ഇ. കെ. ഭരത്ഭൂഷൻ ഐ.എ.എസ്.-നെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ചീഫ് അഡ്മിനി സ്ട്രേറ്റീവ് ഓഫീസറായി നിയമിച്ചിട്ടുണ്ട്.

2. പുലയനാർകോട്ടയിൽ സർക്കാർ നൽകിയ സ്ഥലത്ത് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ വിഭവസമാഹരണത്തിന് ഇൻസ്റ്റിറ്റ്യൂട്ടിന് സഹായങ്ങൾ നൽകിവരുന്നുണ്ട്. ഇതിന്റെ ആവശ്യത്തിന് സാമ്പത്തിക സഹായം അഭ്യർത്ഥിച്ച് ഇൻസ്റ്റിറ്റ്യൂട്ട് സംസ്ഥാന സർക്കാരിന് സമർപ്പിച്ച അപേക്ഷ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

ആശുപത്രികളിലെ ബയോ മെഡിക്കൽ വെയ്സ്റ്റുകളുടെ നിർമ്മാർജ്ജനം

73 [166] *ശ്രീ. ജോസഫ് എം. പുതുശ്ശേരി:*
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. തോമസ് ഉണ്ണിയാടൻ:
„ *സ്റ്റീഫൻ ജോർജ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly